# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -569 30.06.2016 ൽ മറുപടിയ്ക്ക്

**ചേലക്കര മണ്ഡലത്തിൽ തടയണ നിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. യു.ആർ.പ്രദീപ് : | | ശ്രീ.മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചേലക്കര മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന ഇനിയും പൂർത്തീകരിക്കാത്ത തടയണകൾ എതെല്ലാമാണെന്ന് വ്യക്തമാക്കുമോ; അവ പൂർത്തീകരിയ്ക്കാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (എ) | ചേലക്കര മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന ഇനിയും പൂർത്തീകരിക്കാത്ത തടയണകളുടെ പേരും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ചെറുതുരുത്തി തടയണ നിർമ്മാണം പൂർത്തിയാക്കുന്നതിൽ കുറ്റകരമായ അലംഭാവം കാണിച്ചതായി കംപ്ട്രോളർ & ആഡിറ്റർ ജനറൽ റിപ്പോർട്ടിൽ പരാമർശമുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. പണി പൂർത്തിയാകാത്തതുമൂലം ഇതിനായി ചെലവാക്കിയിട്ടുള്ള 2.80 കോടി രൂപ പൊതുജനങ്ങൾക്ക് ഉപകാര പ്രദമായിട്ടില്ല എന്നും, മൂന്ന് വർഷത്തോളം ടി പ്രവൃത്തി പുന:ക്രമീകരിക്കുവാൻ നടപടി യൊന്നും സ്വീകരിച്ചിട്ടില്ല എന്നും അക്കൗണ്ടന്റ് ജനറലിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ പരാമർശമുണ്ട്. |
| (സി) | നിർമ്മാണം പൂർത്തിയാക്കേണ്ട തടയണകളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത തടയണ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) | ടി തടയണയുടെ ബാക്കിയുള്ള പണികളുടെ 15 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | പ്രവൃത്തി | പൂർത്തീകരിക്കാത്തതിനുള്ള കാരണങ്ങൾ |
|---|---|---|
| 1 | വള്ളത്തോൾ നഗർ, എന്ന സ്ഥലത്ത് ചെറുതുരുത്തി പാലത്തിന് താഴ് ഭാഗത്തായി ഭാരതപ്പുഴയ്ക്ക് കുറുകെ തടയണ നിർമ്മാണം | പ്രവൃത്തിക്ക് റിവർമാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 5 കോടി രൂപയുടെ ഭരണാനുമതി നല്കി. 17/11/2008 ൽ ടി പ്രവൃത്തിയ്ക്ക് 41.29% അധിക നിരക്കിൽ ഉടമ്പടി ചെയ്തിട്ടുള്ളതുമാണ്. എന്നാൽ നിർമ്മാണം നടന്നുകൊണ്ടിരിക്കെ യഥാർത്ഥ രൂപകല്പന അനുസരിച്ച് പ്രവൃത്തി ചെയ്യുവാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിട്ടതിനെ തുടർന്ന് ആവശ്യമായ മാറ്റങ്ങൾ വരുത്തിയ ഡിസൈൻ അടിസ്ഥാനമാക്കി 9,23,63,714/- രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നല്കി . 19/04/2011 ൽ 6,18,61,684/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നല്കുകയും ചെയ്തു. എന്നാൽ 10.01.2012 ൽ കരാറുകാരൻ മരണപ്പെടുകയും കരാറുകാരന്റെ നോമിനി പ്രവൃത്തി തുടരാൻ വിസമ്മതിക്കുകയും ചെയ്ത സാഹചര്യത്തിൽ 02.04.2012 ൽ കരാർ റദ്ദ ചെയ്തു. പൊതുമരാമത്ത് വകുപ്പിലെ നിരക്ക് മാറിയതനുസരിച്ച് 2012 ൽ 12.2 കോടി രൂപയ്ക്കും 2014 ൽ 14.5 കോടി രൂപയ്ക്കും ബാക്കിയുള്ള പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചുവെങ്കിലും റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അംഗീകാരം ലഭിക്കാത്തതിനാൽ പണി പൂർത്തികരിക്കാൻ സാധിച്ചിട്ടില്ല. |
| 2 | റ്റി.റ്റി.എസ്.പി വള്ളത്തോൾ നഗർ പഞ്ചായത്തിലെ പള്ളിക്കൽ പാട ശേഖരത്തിൽ പള്ളിക്കൽ തോടിനു കുറുകെ തടയണ നിർമ്മാണം | പ്രവൃത്തി പുരോഗതിയിലാണ്. എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരമുള്ള കാലാവധി അവസാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ